**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3491** **05-08-2021 - ൽ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരളയിലെ പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | റീബിൽഡ് കേരളയിൽ ഉൾപ്പെട്ടിരിക്കുന്ന പദ്ധതികൾക്ക് പുറപ്പെടുവിച്ചിരിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ആവശ്യകത പരിശോധിച്ചാണ് വിവിധ പ്രവർത്തനങ്ങൾക്ക് ധനകാര്യ വകുപ്പ് ഫണ്ട് അനുവദിച്ച് വരുന്നത്. പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നതേയുള്ളൂ. പദ്ധതി നിർവ്വഹണത്തിൽ സൂക്ഷ്മ പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ സാങ്കേതിക പരിശോധനയ്ക്ക് ചീഫ് ടെക്നിക്കൽ എക്സാമിനർ, മറ്റ് പരിശോധനകൾക്ക് ധന (ഇൻസ്പെക്ഷൻ) വിഭാഗം തുടങ്ങിയ സംവിധാനങ്ങൾ ധനകാര്യ വകുപ്പിന് കീഴിൽ നിലവിലുണ്ട്. ആവശ്യമാകുന്ന പക്ഷം പ്രസ്തുത സംവിധാനങ്ങൾ വഴി പരിശോധന നടത്താൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ